അതുപോലെതന്നെ മാതാ അമൃതാനന്ദമയിയുടെ ആശ്രമം, ആയിരക്കണക്കിന് വിദേശ ടൂറിസ്റ്റുകൾ വരുന്ന ആശ്രമം, തൊട്ടടുത്താണ്. ഇവിടെനിന്നും മൂന്ന് കിലോമീറ്ററേയുള്ളൂ. ഇത്തരത്തിൽ വളരെയേറെ സാദ്ധ്യതയുള്ള വിദേശികളെ ഏറ്റവും ആകർഷിക്കുന്ന കേരളത്തിലെ ജലോത്സവങ്ങളായ പായിപ്പാട് ജലോത്സവവും, കുമാരനാശാൻ സ്മാരക ജലോത്സവവും ഒക്കെ നടക്കുന്നത് ഹരിപ്പാട്ടാണ്. ഇത്തരത്തിൽ ടൂറിസം വികസനത്തിന് ഏറ്റവും സാദ്ധ്യതയുള്ള ആ മണ്ഡലത്തിലെ വികസനത്തിനുവേണ്ടി, സ്വകാര്യ സംരംഭകരെപ്പോലും ആകർഷിക്കാൻ പറ്റുന്നവിധത്തിൽ ഒരു പ്ലാൻ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിന് ഏറ്റവും വേഗം അംഗീകാരം കൊടുക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഹരിപ്പാട് കേന്ദ്രീകരിച്ച് സമഗ്രമായ ടൂറിസം വികസനത്തിനായി പ്രൊഫ. എ. വി. താമരാക്ഷൻ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ടൂറിസ്റ്റ് അമിനിറ്റീസ് സെന്റർ, ഹോട്ടൽ, ജനതാ ഹൗസ് ബോട്ടുകൾ, ഹോളിഡേ സെന്ററുകൾ എന്നിവയാണ് നിർദ്ദിഷ്ട പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന് 235.50 ലക്ഷം രൂപ മതിപ്പ് ചെലവ് വരും. പദ്ധതി നിർവ്വഹണത്തിന്റെ സ്ഥലലഭ്യത വിശദമായ പ്രോജക്ട് റിപ്പോർട്ട് ഫീസിബിലിറ്റി പഠനം എന്നിവ ആവശ്യമാണ്. ആലപ്പുഴ ജില്ലാ പ്രൊമോഷൻ കൗൺസിലിനോട് ഇക്കാര്യം വിശദമായി പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ ടൂറിസം പ്രമോഷന്റെ അഭിപ്രായംകൂടി കണക്കിലെടുത്ത് വിഭവ ലഭ്യതയ്ക്കനുസരിച്ച് ഈ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം സജീവ പരിഗണനയിലാണ്.

മി. സ്പീക്കർ : ശ്രീ. എം. മുരളിയുടെ സബ്മിഷൻ ഇന്നലെ ഉന്നയിക്കേണ്ടതായിരുന്നു.

(5) ഗവൺമെന്റ് പ്ലീഡർമാരുടേയും പബ്ലിക് പ്രോസിക്യൂട്ടർമാരുടേയും സേവന -വേതന വ്യവസ്ഥകൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. മുരളി : സർ, കേരളത്തിലെ ഗവൺമെന്റ് പ്ലീഡർമാരുടേയും പബ്ലിക് പ്രോസിക്യൂട്ടർമാരുടേയും പ്രതിഫലവും സേവന-വേതന വ്യവസ്ഥകളും കാലോചിതമായി പരിഷ്ക്കരിക്കണമെന്ന ആവശ്യമാണ് ഞാൻ നിയമ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇതു സംബന്ധിച്ച് കേരള ഗവൺമെന്റ് പ്ലീഡേഴ്സ് ആന്റ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് അസോസിയേഷൻ നിരവധി നിവേദനങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. ഗവൺമെന്റ് പ്ലീഡേഴ്സിനും പബ്ലിക് പ്രോസിക്യൂട്ടേഴ്സിനും ആരംഭകാലത്ത് ജില്ലാ ജഡ്ജിമാരുടെ ശമ്പളത്തിന് തുല്യമായ പ്രതിഫലമാണ് നൽകിയിരുന്നത്. പക്ഷെ ഇന്ന് അത് ജില്ലാ ജഡ്ജിമാരുമായി താരതമ്യം ചെയ്യുമ്പോൾ പത്തിലൊന്നായി ചുരുങ്ങിയിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലുള്ളവർക്ക് വർഷങ്ങളായി അതുപോലും കൊടുക്കാതിരിക്കുകയാണ്. കളക്ടർമാരിലൂടെയാണ് ഇത്

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ജില്ലകളിലും വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആ സംവിധാനം മാറ്റി എ.ജി. വഴി പേമെന്റ് കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതോടൊപ്പം അവരുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ആലപ്പുഴ ജില്ലയുൾപ്പെടെ ഏതാനും ജില്ലകളിൽ അഞ്ച്-ആറ് വർഷക്കാലമായി പ്രതിഫലത്തുക കൊടുക്കാതിരിക്കുന്ന ഇന്നത്തെ സാഹചര്യം കണക്കിലെടുത്ത് അടുത്ത സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിലെങ്കിലും കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഗവൺമെന്റ് പ്ലൈക്കോടതിയിലെ സീനിയർ പ്ലീഡർമാരുടെയും മറ്റ് ചിലരുടെയുമൊക്കെ ഫീസ് വർദ്ധിച്ചുവെങ്കിലും അത് തീരെ അപര്യാപ്തമാണെന്ന് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു. ഒരു ചർച്ച നടത്തി ഇത് വീണ്ടും പരിശോധിക്കാൻ നിയമ വകുപ്പിന് അയച്ചിരിക്കുകയാണ്. അതുപോലെ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ എന്നിവരുടെ വേതനം കുറവാണ്. അതുകൊണ്ട് അത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് അത് പുന:പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കുടിശ്ശിക കുറെയുണ്ട്. അത് ആലപ്പുഴയിൽ മാത്രമല്ല, എല്ലായിടത്തും കുറേശ്ശേ കുടിശ്ശിക ഉണ്ട്. ആ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതാണ്.

(6) വ്യാജ വീഡിയോ കാസറ്റുകളും സി.ഡി. കളും ഇറക്കുന്നതുമൂലം മലയാള സിനിമാ വ്യവസായം നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, വ്യാജ കാസറ്റുകളും ഡിസ്ക്കുകളും ഇറക്കുന്നതുമൂലം മലയാള സിനിമയടക്കം കേരളത്തിൽ വരുന്ന എല്ലാ പടങ്ങൾക്കും വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. ഇത് ഉണ്ടാക്കുന്ന വ്യാജ സംഘം കേരളത്തിൽ വളരെ വ്യാപകമാണ്. ഈയിടെ ഇറങ്ങിയ ഹേറാം, സനേഹപൂർവം അന്ന, ക്രൈം ഫയൽ, അരയന്നങ്ങളുടെ വീട്, ഇംഗ്ലീഷ് മീഡിയം, പല്ലാവൂർ ദേവനാരായണൻ, നിറം, അടുത്തകാലത്ത് ഇറങ്ങിയ സൂപ്പർ ഹിറ്റ് നരസിംഹം തുടങ്ങിയ ചിത്രങ്ങൾ ഉൾപ്പെടെ വ്യാജ കാസറ്റുകൾ കേരളത്തിൽ വളരെ വ്യാപകമായിരിക്കുന്നു. ഇത് പിടിക്കാൻ നിയമമുണ്ട്. പക്ഷെ പലപ്പോഴും പോലീസ് ഇക്കാര്യത്തിൽ ഫർദർ ആക്ഷൻ എടുക്കുന്നില്ല. അതുകൊണ്ട് കോടികൾ മുടക്കി എടുക്കുന്ന പടങ്ങൾക്ക് നഷ്ടം ഉണ്ടാകുന്നു. മാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടേണ്ട ടാക്സ് കിട്ടുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് വ്യാജ കാസറ്റ് നിർമ്മാണം നടത്തുന്നവരെ പിടികൂടുകയും അവരെ ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. ഇങ്ങനെ പോയാൽ സിനിമാ വ്യവസായം ഉണ്ടാവുകയില്ല. മലയാളത്തിലെ ബന്ധപ്പെട്ട പല പ്രൊഡ്യൂസർമാരും അതുപോലെ സൂപ്പർ നടന്മാരുമൊക്കെ പല സന്ദർഭങ്ങളിലായി ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly